പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 416 — 28.6.2011-ലെ മറുപടിയ്ക്ക്

**<u>റാന്നിയിൽ കിൻഫ്രാ അപ്പാരൽ പാർക്ക് നിർമ്മാണം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) റാന്നിയിൽ കിൻഫ്രയുടെ അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഇതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ടോയെന്നും ഇത് ലീസിനായി നൽകുന്നതിന് റവന്യൂ വകുപ്പിൽ നിന്നും എന്നാണ് ഉത്തരവായതെന്നും വിശദമാക്കുമോ; | (എ)യും (ബി)യും 1.3.2011 തീയതിയിലെ സർക്കാർ ഉത്തരവ് 135/2011/റവന്യൂ പ്രകാരം റാന്നി താലൂക്കിൽ റാന്നി വില്ലേജിൽപ്പെട്ടതും ജലവിഭവ വകുപ്പിന്റെ കൈവശത്തിലിരിക്കുന്നതുമായ 1.4 ഏക്കർ സർക്കാർ ഭൂമി ഗ്രാമീണ വസ്ത്ര നിർമ്മാണ പാർക്ക് സ്ഥാപിക്കുന്നതിന് 30 വർഷത്തേക്ക് പാട്ടത്തിന് കിൻഫ്രക്ക് നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. |
| (സി) പ്രസ്തുത ഉത്തരവനുസരിച്ച് നിർദ്ദിഷ്ട ഭൂമി കിൻഫ്രയ്ക്ക് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ; | സി) ഭൂമി കിൻഫ്ര ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു വരികയാണ്. |
| ഡി)നടപടി ക്രമങ്ങൾ പൂർത്തിയായി അപ്പാരൽ പാർക്കിന്റെ നിർമ്മാണം ആരംഭിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി)ഏകദേശം 60,000 ചതുരശ്ര അടി വിസ്തൃതിയുള്ള കെട്ടിടം പണിത്, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഒരു വർഷത്തിനകം പ്രവർത്തന ക്ഷമമാക്കാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്. ഭൂമി കിട്ടിയാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ